

മാലിന്യ പരിപാലന നിയമാവലി കരടിന് കൗൺസിലിൽ അംഗീകാരം

തിരുവനന്തപുരം: നഗരത്തെ മാലിന്യമുക്തമാക്കാനായി നഗരസഭ ആവിഷ്കരിച്ച നഗര മാലിന്യ പരിപാലന നിയമാവലി - 2017 കരടിന് കൗൺസിലിൽ അംഗീകാരമായി. മാലിന്യ സംസ്കരണവും പരിപാലനവും ശാസ്ത്രീയവും പ്രായോഗികവുമായി നടപ്പാക്കുന്നതാണ് പദ്ധതി. ഇത് സർക്കാർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രാബല്യത്തിൽ വരും. നിയമം പാലിക്കാത്തവർക്കെതിരെ കടുത്ത പിഴയും മറ്റ് നിയമനടപടിയും ശുപാർശ ചെയ്യുന്നതാണ് നഗരമാലിന്യ പരിപാലന നിയമാവലി.

കുറ്റവും ശിക്ഷയും

- മാലിന്യ പരിപാലന പ്രക്രിയ ഏർപ്പെടുത്തിയ ശേഷം നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ തത്സമയ നോട്ടീസ് നൽകി നിർണയിക്കപ്പെട്ട പിഴ ഏർപ്പെടുത്തും
- 15 ദിവസത്തിനകം പിഴ അടച്ചില്ലെങ്കിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കും.
- പിഴത്തുക 250 രൂപ മുതൽ 10,000 രൂപ വരെ.
- മാലിന്യം വലിച്ചെറിയുന്നത് തെളിവ് സഹിതം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ പൊതുജനങ്ങൾക്കോ സംഘടനകൾക്കോ ബന്ധപ്പെട്ടവർക്കോ കേസിൽ മാലിന്യം വലിച്ചെറിയുന്നവരിൽ നിന്നീടാക്കുന്ന പിഴത്തുകയുടെ 40 ശതമാനം ഇനാമായി നൽകും.
- പിഴ ചുമത്തുന്ന കേസുകളിൽ പിഴ അടയ്ക്കാത്തപക്ഷം റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ നടപടികൾക്കും നഗരസഭയ്ക്ക് അധികാരമുണ്ട്.

നിയമവും അധികാരവും

- നഗരസഭാ അതിർത്തിയിലെ മുഴുവൻ പൊതുസ്ഥലങ്ങളോ സ്വകാര്യ പരിസരങ്ങളോ, വാസ സ്ഥലങ്ങളോ, വ്യാപാര വാണിജ്യ കേന്ദ്രങ്ങളോ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടും
- നഗരമാലിന്യ പരിപാലന കാര്യദർശി എന്ന നിലയിൽ ഹെൽത്ത് ഓഫീസർക്കാവും ചുമതല
- നഗരസഭാ ആരോഗ്യ വിഭാഗം തലവനായിരിക്കും ഹെൽത്ത് ഓഫീസർ
- നിയമാവലി പ്രകാരം നഗരസഭയ്ക്ക് നിരോധന നടപടികളെടുക്കുന്നതിനും അധികാരമുണ്ടായിരിക്കും
- നഗരപരിധിയിലെ ഭൂപ്രദേശം പൂർണമായോ ഭാഗികമായോ ശുചിത്വമേഖലയെന്നോ മാലിന്യ രഹിത മേഖലയെന്നോ പ്രഖ്യാപിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും
- പദ്ധതിയുടെ മുഖ്യ ചുമതലയും നടത്തിപ്പും കൗൺസിലിന്റെ നേതൃത്വത്തിലായിരിക്കും
- ദൈനംദിന പ്രവർത്തനങ്ങളുടെ നടത്തിപ്പും നിരീക്ഷണവും ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയായിരിക്കും

ചുമതലകൾ

- സംഘടനാ സംവിധാനം രൂപീകരിക്കൽ
- ആവശ്യമായ സന്നദ്ധ പ്രവർത്തകരെ വിവിധ തലങ്ങളിലേക്ക് കണ്ടെത്തൽ
- പ്രവർത്തനത്തിന് സഹായിക്കാൻ കഴിയുന്ന സംഘടനകളെ കണ്ടെത്തുക
- ഏജൻസികൾ, സ്ഥാപനങ്ങൾ കണ്ടെത്തൽ
- നഗരപാലിക നിയമപ്രകാരം ആവശ്യമായ ഘട്ടങ്ങളിൽ കോർപറേഷനെ സഹായിക്കുന്നതിന് വിഷയസമിതികൾ രൂപീകരിക്കാം
- നഗരമാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ മനസിലാക്കി നടത്തിപ്പിന് നേതൃത്വം നൽകാം

ഉൾപ്പെടുത്താവുന്നത്

കൗൺസിലർമാർ, കോർപറേഷൻ - ആരോഗ്യം, റവന്യൂ, എൻജിനിയറിംഗ്, വെറ്ററിനറി, കൃഷി വിഭാഗങ്ങളുടെ ഓഫീസർമാർ(ഓരോ വിഭാഗത്തിൽനിന്നും മൂന്ന് പേർ വീതം), രാഷ്ട്രീയ, യുവജന, തൊഴിലാളി, സാംസ്കാരിക, പരിസ്ഥിതി, സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ, നടത്തിപ്പ് ചുമതലയിൽ നേരിട്ട് പങ്കാളിത്തം വഹിക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ, സി.ഡി.എസ് പ്രതിനിധികൾ കൂടാതെ ഈ പ്രവർത്തനത്തെ സഹായിക്കുന്നതിന് കൗൺസിലിന് ആവശ്യമെന്ന് തോന്നുന്ന സ്ഥാപനങ്ങളെയോ വ്യക്തികളെയോ ഉൾപ്പെടുത്താം.

സിറ്റി കൗമുദിയിൽ

- ആക്കുളം അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ എന്നുവരും?
- കർക്കടകം എത്തുന്നു, ഔഷധക്കഞ്ഞിക്ക് വൻ ഡിമാന്റ്
- കർക്കടകം: ആനകൾക്കും സുഖ ചികിത്സ തുടങ്ങി

കൈരളി കുടുംബ സമാജം ബോധവത്കരണ യോഗം

തിരുവനന്തപുരം: പഴയ കാരയ്ക്കാമണ്ഡപം കൈരളി കുടുംബ സമാജത്തിന്റെ ആഭിമുഖ്യത്തിൽ മാലിന്യ നിർമാർജനത്തെക്കുറിച്ചും പകർച്ചപ്പനി പ്രതിരോധ നടപടികളെക്കുറിച്ചും ബോധവത്കരണ യോഗം സംഘടിപ്പിച്ചു. നേമം ജനമൈത്രി പോലീസിന്റെ കമ്യൂണിറ്റി റിലേഷൻസ് ഓഫീസർ സബ് ഇൻസ്പെക്ടർ എഡ്വിൻ, നേമം നഗരസഭയുടെ ഹെൽത്ത് ഇൻസ്പെക്ടർ സുജിതാ, നേമം വൈദ്യുതി ഓഫീസിലെ സബ് എൻജിനിയർ ടാഗുർ, കൈരളി കുടുംബ സമാജം സെക്രട്ടറി വൈ.കെ. ഷാജി എന്നിവർ സംസാരിച്ചു. മധുസൂദനൻ നായർ അദ്ധ്യക്ഷത വഹിച്ചു.

വെട്ടുകാട് ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വെട്ടുകാട് ശാഖയിൽ ആർ. ശങ്കർ കുടുംബ യൂണിറ്റിന് കീഴിൽ ആൾസെയിൻസ് ജംഗ്ഷൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗുരുദക്ഷിണ പുരുഷ സ്വയംസഹായ സംഘത്തിന്റെ ഒമ്പതാം വാർഷിക പൊതുയോഗം ശാഖാസെക്രട്ടറി എൻ. മോഹൻദാസിന്റെ അദ്ധ്യക്ഷതയിൽ യൂണിയൻ കൺവീനർ ആലുവിള അജിത്ത് ഉദ്ഘാടനം ചെയ്തു. ആർ. പ്രതാപ് കുമാർ സ്വാഗതം പറഞ്ഞു. ബീനാജയൻ, കെ.വി. അനിൽകുമാർ, ഷിബു, ജ്യോതികുമാർ, എസ്. രാജീവ് കുമാർ, കെ. ചന്ദ്രൻ, അജന്തകുമാർ, ശോഭാഅനിൽ, പ്രസന്നാമധു എന്നിവർ സംസാരിച്ചു. കൺവീനറായി സൂരജ് എം. ജയകുമാറിനെയും ജോയിന്റ് കൺവീനറായി ലാൽ പി. ചന്ദിനെയും തിരഞ്ഞെടുത്തു.

വിദ്യാഭ്യാസ സമിതി യോഗം നാളെ

തിരുവനന്തപുരം : നഗരസഭ പരിധിയിൽ ഉൾപ്പെടുന്ന വിഴിഞ്ഞം മേഖലയിലെ വിദ്യാലയങ്ങളുടെ വിദ്യാഭ്യാസ സമിതിയോഗം നാളെ നടക്കും. ഉച്ചയ്ക്ക് 2ന് മുല്ലൂർ പനവിള ഗവൺമെന്റ് യു. പി സ്കൂളിൽ നടക്കുന്ന യോഗം നഗരസഭ വിദ്യാഭ്യാസ സ്ഥിരം സമിതി അദ്ധ്യക്ഷൻ എസ്. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യും. അക്കാഡമിക് പ്രവർത്തനങ്ങളും, സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി എസ്.എസ്.എയിൽ നിന്ന് ലഭിച്ച ഫണ്ട് വിനിയോഗവും യോഗത്തിൽ ചർച്ചയാകും. കൗൺസിലർമാരായ സി. ഓമന, റഷീദ്, നിസ്സാബീവി, സന്തോഷ്കുമാർ, ഷൈനി എന്നിവർ ചടങ്ങിൽ പങ്കെടുക്കും. പനവിള യു.പി.എസ് ഹെഡ്മാസ്റ്റർ സാം ഡി. ജെ അദ്ധ്യക്ഷത വഹിക്കും. ബി.ആർ.സി ട്രെയിനർ ജി. അശോകൻ റിപ്പോർട്ട് അവതരിപ്പിക്കും.

രാമായണ സന്ധ്യാചരണം

തിരുവനന്തപുരം: അദ്ധ്യാത്മ രാമായണത്തിലൂടെ വേദോപനിഷത്തുകളുടെ സത്തയാണ് എഴുത്തച്ഛൻ മലയാളികൾക്ക് പകർന്നു നൽകിയതെന്ന് ഡോ. ടി.ജി. രാമചന്ദ്രൻ പിള്ള അഭിപ്രായപ്പെട്ടു. ഹൈരാണിമുട്ടം തുഞ്ചൻ സ്മാരക സമിതി സംഘടിപ്പിച്ച രാമായണ സന്ധ്യാചരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രൊഫ. കാട്ടൂർ നാരായണപിള്ള, സമിതി ജനറൽ സെക്രട്ടറി ടി.ജി. ഹരികുമാർ, കൗൺസിലർ ആർ.സി. ബീന, എസ്. ഗോപകുമാർ എന്നിവർ സംസാരിച്ചു. ഡോ. അരുന്ധതി രാമായണ പാരായണം നടത്തി.

കമലേശ്വരം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം കമലേശ്വരം ശാഖയുടെ വാർഷിക പൊതുയോഗം പ്രസിഡന്റ് കെ.സി. യശോധരന്റെ അദ്ധ്യക്ഷതയിൽ നടന്നു. വി. ഉദയകുമാർ, ടി.എസ്. ബിനു, കെ. ജയമോഹൻ, എസ്. സുജിത്കുമാർ തുടങ്ങിയവർ സംസാരിച്ചു. ശാഖയുടെ ആസ്ഥാനമായ 'ഗുരുഭവന്റെ' നിർമാണത്തിന് ശ്രീനാരായണ ഗുരുദേവ ജയന്തിദിനമായ സെപ്തംബർ ആറിന് ശിലാസ്ഥാപനം നടത്താൻ തീരുമാനിച്ചു. കെ. ജയമോഹൻ ചെയർമാനും വി. മോഹൻദാസ് ജനറൽ കൺവീനറുമായി 51 അംഗ നിർമാണ കമ്മിറ്റിയെയും തിരഞ്ഞെടുത്തു. ശാഖാ സെക്രട്ടറി വി. മോഹൻദാസ് സ്വാഗതവും കമ്മിറ്റിയംഗം രേഖ മഹേഷ് നന്ദിയും പറഞ്ഞു.

സെമിനാർ ഉദ്ഘാടനം

തിരുവനന്തപുരം: ദേശീയ ആരോഗ്യ ദൗത്യത്തിന്റെ നേതൃത്വത്തിൽ നഗര പരിധിയിലെ സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾക്കായുള്ള പകർച്ചപ്പനി ബോധവത്കരണ സെമിനാറുകളുടെ ജില്ലാതല ഉദ്ഘാടനം മ്യൂസിയം സർക്കിൾ ഇൻസ്പെക്ടർ ദിനിൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ ഗീത .പി. നായർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർ നിമ ഗംഗ, പാങ്ങപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോ. ശ്രീകാന്ത് എന്നിവർ ക്ലാസെടുത്തു. കൗൺസിലർ ബിന്ദു ശ്രീകുമാർ, ഹെഡ്മിസ്ട്രസ് ഉഷ ദേവി, ദേശീയ ആരോഗ്യ ദൗത്യം പ്രോഗ്രാം ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: കന്റോൺമെന്റ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന പാളയം പൊലീസ് ക്വാർട്ടേഴ്സും പരിസര പ്രദേശങ്ങളിലും വർക്ക് നടക്കുന്നതിനാൽ ഇന്ന് രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെ വൈദ്യുതി മുടങ്ങും.

പേരൂർക്കട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ പരുന്ന ഇടക്കുളം ടെമ്പിൾ, വിവേകാനന്ദ നഗർ എന്നീ പ്രദേശങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്ന് രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെ വൈദ്യുതി മുടങ്ങും.

കുളത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന കല്ലിംഗൽ, വല്ലത്തോട്, കുശമുട്ടം, തപ്പാദപുരം, പെരുന്തുറ എന്നീ പ്രദേശങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് മൂന്ന് വരെയും വൈദ്യുതി മുടങ്ങും.

ആംഗുലാർ ശില്പശാല

കഴക്കൂട്ടം: കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ ടെക്നോപാർക്കിലെ ഐ.ടി ജീവനക്കാരുടെ സാമൂഹ്യസാംസ്കാരിക സംഘടനയായ പ്രതിധ്വനി ടെക്നോപാർക്കിൽ ആംഗുലാർ 4 ആൻഡ് ടൈപ്പ് സ്ക്രിപ്റ്റ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ടെക്നിക്കൽ ഫോറം വിവിധ കമ്പനികളിലെ ഐ.ടി ജീവനക്കാർക്കായി നടത്തുന്ന സാങ്കേതിക പരിശീലനം 22 ന് നടക്കും. സൗജന്യമായി നടക്കുന്ന പരിശീലനം ട്രാവൻകൂർ ഹാളിൽ രാവിലെ 9.30 ആരംഭിക്കും. ആംഗുലാർ ടെക്നോളജിയിൽ ട്രെയിനറും, സോഫ്റ്റ്വെയർ കൺസൾട്ടന്റുമായ ഷാൽവിൻ പി.ഡി ആണ് ശില്പശാല കൈകാര്യം ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9446084359(ബിബിൻ വാസുദേവൻ) എന്ന നമ്പറിൽ ബന്ധപ്പെടണം.

ഗവ. മെഡിക്കൽകോളേജ് എച്ച്.എസ്.എസിൽ 'എന്റെ കൗമുദി'

ഗവ. മെഡിക്കൽകോളേജ് ഹയർസെക്കൻഡറി സ്കൂളിൽ എന്റെ കൗമുദി പദ്ധതിയുടെ ഉദ്ഘാടനം ഐ.എം.എ നമ്മുടെ ആരോഗ്യം ചീഫ് എഡിറ്റർ ഡോ. ടി. സുരേഷ്കുമാർ വിദ്യാർത്ഥി പ്രതിനിധി എഫ്. അഫിയയ്ക്ക് പത്രം നൽകി നിർവഹിക്കുന്നു. സ്കൂൾ പി.ടി.എ പ്രസിഡന്റ് ബേബി ജോസഫ്, സ്കൂൾ പ്രിൻസിപ്പൽ സനൽകുമാരൻ നായർ, മെഡിക്കൽകോളേജ് ആശുപത്രി നഴ്സിംഗ് സൂപ്രണ്ട് ഉദയറാണി, ഉപേന്ദ്രൻ കോൺട്രാക്ടർ, കേരളകൗമുദി അസി. സർക്കുലേഷൻ മാനേജർ ആർ.പി. തംബുരു, കോവളം റിപ്പോർട്ടർ സി. ഷാജിമോൻ തുടങ്ങിയവർ സമീപം. സ്കൂളിലെ പൂർവ വിദ്യാർത്ഥിയും എസ്.എൻ.ഡി.പി യോഗം മെഡിക്കൽകോളേജ് ശാഖാ പ്രസിഡന്റും ജയറാം ബേക്കേഴ്സ് ഉടമയുമായ ടി. അനിൽകുമാറാണ് സ്കൂളിലേക്കാവശ്യമായ പത്രം സ്പോൺസർ ചെയ്യുന്നത്

കേരളകൗമുദി - നഗരസഭ - ചാക്ക വൈ.എം.എ ആയുർവേദ സെമിനാറും മെഡിക്കൽ ക്യാമ്പും

തിരുവനന്തപുരം: കേരളകൗമുദി, തിരുവനന്തപുരം നഗരസഭ, ചാക്ക വൈ.എം.എ എന്നിവയുമായി സഹകരിച്ച് ഭാരതീയ ചികിത്സാവകുപ്പിന്റെയും ആർഷാ ആയുർവേദാശുപത്രിയുടെയും നേതൃത്വത്തിൽ ചാക്ക വൈ.എം.എ ഹാളിൽ നാളെ രാവിലെ 9.30 മുതൽ ആയുർവേദ സെമിനാറും സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കും. നഗരസഭ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. ശ്രീകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം മേയർ വി.കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്യും. ആർഷ ആയുർവേദ ആശുപത്രി ചെയർമാൻ ഡോ. രവീന്ദ്രൻ, കേരളകൗമുദി യൂണിറ്റ് ചീഫ് അജിത് കുമാർ എന്നിവർ സംസാരിക്കും. ഭാരതീയ ചികിത്സാവകുപ്പ് സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ശിവകുമാരി 'കർക്കടകവും ആയുർവേദവും' എന്ന വിഷയത്തിൽ സെമിനാർ നയിക്കും. കേരളകൗമുദി സർക്കുലേഷൻ മാനേജർ എസ്. വിക്രമൻ സ്വാഗതവും വൈ.എം.എ സെക്രട്ടറി പി. പ്രദീപ് നന്ദിയും പറയും. കേരളകൗമുദി അസിസ്റ്റന്റ് സർക്കുലേഷൻ മാനേജർമാരായ ആർ.സി. രാജീവ്, തംബുരു .ആർ.പി, കല .എസ്.ഡി എന്നിവർ പങ്കെടുക്കും. ഫോൺ: 9946103773.

തമ്പാനൂർ പ്രീ-പെയ്ഡ് ഓട്ടോറിക്ഷകൾ പണിമുടക്കിലേക്ക്

തിരുവനന്തപുരം: റെയിൽവേ പ്രീ-പെയ്ഡ് ഓട്ടോറിക്ഷകൾക്ക് പാർക്കിംഗ് ഫീസ് ഏർപ്പെടുത്തുന്നത് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സംയുക്ത ട്രേഡ് യൂണിയൻ സമരസമിതിയുടെ നേതൃത്വത്തിൽ തമ്പാനൂർ റെയിൽവേ പ്രീപെയ്ഡ് ഓട്ടോറിക്ഷാ തൊഴിലാളികൾ ഇന്ന് മുതൽ അനിശ്ചിത കാല പണിമുടക്കും സത്യാഗ്രഹവും നടത്തും. സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യും. സി.ഐ.ടി.യു നേതാവ് ജയമോഹനൻ, ബി.എം.എസ് നേതാവ് താന്നിവിള സതികുമാർ, എ.ഐ.ടി.യു.സി നേതാവ് പട്ടം ശശിധരൻ, ഐ.എൻ.ടി.യു.സി നേതാവ് പി. സുധാകരൻ തുടങ്ങിയവർ നേതൃത്വം നൽകുമെന്ന് സംയുക്ത സമരസമിതി കൺവീനർ കരുമം ജയൻ, കോ ഓർഡിനേഷൻ കൺവീനർ രാധാകൃഷ്ണപിള്ള എന്നിവർ അറിയിച്ചു.

എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക വനിതാസംഘം തിരുവനന്തപുരം യൂണിയൻ പ്രവർത്തക സമ്മേളനം അയിലം ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ഡി. പ്രേംരാജ്, ആലുവിള അജിത്ത്, എം. അനുജ, നെടുമങ്ങാട് രാജേഷ്, ബീന ജയൻ, രത്നമ്മ ജയമോഹൻ, ലേഖാസന്തോഷ് എന്നിവർ സമീപം

രോഗികളും ബന്ധുക്കളും വഞ്ചിതരാകരുത്

തിരുവനന്തപുരം: എസ്.എ.ടി ആശുപത്രിക്കു മുന്നിലെ അമ്മയും കുഞ്ഞും പ്രതിമ കോൺക്രീറ്റ് ശില്പം മാത്രമാണെന്നും രോഗികളും ബന്ധുക്കളും വഞ്ചിതരാകരുതെന്നും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചു. രോഗികളും കൂട്ടിരിപ്പുകാരും ഇവിടെ വിളക്കും മെഴുകുതിരിയും കത്തിച്ച് പ്രാർത്ഥിക്കുന്ന സാഹചര്യത്തിലാണിത്. ഈ പ്രതിമയ്ക്ക് സമീപത്താണ് ഓക്സിജൻ പ്ലാന്റ്, അത്യാഹിത വിഭാഗം, ബ്ലഡ് ബാങ്ക്, ഐ.സിയു എന്നിവ. നവമാദ്ധ്യമങ്ങളിലുൾപ്പെടെ ഇതിനെപ്പറ്റി തെറ്റിദ്ധരിപ്പിക്കുന്ന പോസ്റ്റുകളും വന്നിരുന്നു. തുടർന്നാണ് എസ്.എ.ടി ആശുപത്രി സൂപ്രണ്ട് കഴിഞ്ഞ ദിവസം ബോർഡ് സ്ഥാപിച്ചത്. പ്രതിമയ്ക്ക് മുമ്പിൽ മെഴുകുതിരി, വിളക്ക്, ചന്ദനത്തിരി എന്നിവ കത്തിക്കുന്നതും തിരക്കുണ്ടാക്കുന്നതും കർശനമായി നിരോധിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ അറിയിച്ചു.

നവ്യാനുഭവമായി ഹരിശങ്കറിന്റെ സംഗീതം

തിരുവനന്തപുരം: തലസ്ഥാനവാസികൾക്ക് നവ്യാനുഭവം പകർന്ന് ഡോ. കെ ഹരിശങ്കറിന്റെ സംഗീതക്കച്ചേരി. പ്രമുഖ സംഗീതജ്ഞ ഡോ. കെ . ഓമനക്കുട്ടിയുടെ ചെറുമകനാണ് ഹരിശങ്കർ. സ്വരലയയുടെ ആഭിമുഖ്യത്തിലായിരുന്നു കച്ചേരി. വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ചടങ്ങിൽ ഡോ. ഓമനക്കുട്ടിയെ ആദരിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, കവി പ്രഭാവർമ, ആർ. എസ്. ബാബു, അരുന്ധതി, എം. ആർ. ജയഗീത എന്നിവർ സംസാരിച്ചു. സ്വരലയ ചെയർമാൻ രാജ്മോഹൻ സ്വാഗതം പറഞ്ഞു.

സെന്റ് ജോസഫ്സ് സ്കൂളിൽ വിജയികളെ അനുമോദിച്ചു

തിരുവനന്തപുരം: സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂളിൽ എസ്. എസ്. എൽ. സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പി.ടി.എയുടെ ആഭിമുഖ്യത്തിൽ പുരസ്കാരം നൽകി. തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം മുഖ്യാതിഥിയായിരുന്നു. പി.ടി.എ പ്രസിഡന്റ് മധുമോഹൻ, ഡി.ഇ.ഒ ഷൈല ഒ.ജെ, പ്രിൻസിപ്പൽ പി.ജെ. വർഗ്ഗീസ്, ഹെഡ്മാസ്റ്റർ ജോസഫ് ജോസ്, ബിജു പി. പോൾ, അൽ അമീൻ, ആന്റണി ലോപ്പസ്, മുഹമ്മദ് അക്ഷയ് തുടങ്ങിയവർ പങ്കെടുത്തു.

കൂടുതൽ പ്രാദേശിക വാർത്തകൾ
പേജ് 3, 5, 9

പേട്ട ശ്രീനാരായണഗുരുദേവ മണ്ഡപം

എൻ.എസ്. വിക്രമൻതമ്പി പ്രസിഡന്റ്, എസ്. മിത്രൻ ജനറൽ സെക്രട്ടറി

തിരുവനന്തപുരം : പേട്ട ശ്രീ നാരായണ ഗുരുദേവ മണ്ഡപ വാർഷിക പൊതുയോഗം എൻ.എസ്. വിക്രമൻ തമ്പിയുടെ അദ്ധ്യക്ഷതയിൽ സി.പി. സേതുനാഥ് ഉദ്ഘാടനം ചെയ്തു. പാൽക്കുളങ്ങര സുകു, ജി. രാജേന്ദ്രൻ, അനി സനൽകുമാർ എന്നിവർ സംസാരിച്ചു. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഭാരവാഹികളായി സി.പി. സേതുനാഥ്, ടി. വിനോദ്, എൻ. ആനന്ദൻ (രക്ഷാധികാരികൾ), എൻ.എസ്. വിക്രമൻതമ്പി (പ്രസിഡന്റ്), എസ്. ചിത്രൻ (കണ്ണൻ), ബി.ഐ. ഷാജി, ബി. ചന്ദ്രൻ, എ. പ്രമോദ് (വൈസ് പ്രസിഡന്റുമാർ), എസ്. മിത്രൻ (ജനറൽ സെക്രട്ടറി), തോപ്പിൽ സനിൽ, പി. രാജു, എം. എസ്. അജയൻ (ജോയിന്റ് സെക്രട്ടറിമാർ), കെ. സുദേവൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. 12 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയേയും തിരഞ്ഞെടുത്തു. ഗുരുദേവജയന്തിയും മഹാസമാധിദിനം വിപുലമായി നടത്താൻ യോഗം തീരുമാനിച്ചു. ആഘോഷ കമ്മിറ്റി കൺവീനറായി എസ്. ചിത്രൻ (കണ്ണൻ), എ. പ്രമോദ്, ബി. ചന്ദ്രൻ എന്നിവരെ യോഗം തിരഞ്ഞെടുത്തു. സെക്രട്ടറി എസ്. മിത്രൻ സ്വാഗതവും കെ. സുദേവൻ നന്ദിയും പറഞ്ഞു.

ശുഭയാത്ര പദ്ധതി ഇന്ന്

തിരുവനന്തപുരം : ചലനവൈകല്യമുള്ളവർക്ക് ഹൈടെക് വീൽചെയർ നൽകുന്ന പദ്ധതിയായ ശുഭയാത്ര ഇന്ന് രാവിലെ 10.30 ന് പ്രിയദർശിനി പ്ലാനറ്റേറിയത്തിൽ മന്ത്രി കെ.കെ. ശൈലജ ഉദ്ഘാടനം ചെയ്യും. മന്ത്രി സി. രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിക്കും. കെ. മുരളീധരൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. മധു, പ്ലാനിംഗ് ബോർഡ് മെമ്പർ മൃദുൽ ഈപ്പൻ, മിനി ആന്റണി, അനുപമ ടി.വി, കളക്ടർ വെങ്കിടേസപതി തുടങ്ങിയവർ പങ്കെടുക്കും.

ചരമം

ഡി. വിജയൻ

ആനയറ : ആർ. സുഗതൻ റോഡിൽ ആഷാഢം ടി.സി. 30/37 ൽ ഡി. വിജയൻ (രവീന്ദ്രൻ, 75, റിട്ട. കെ.എസ്.ഇ.ബി) നിര്യാതനായി. സഹോദരൻ : ഡി. നരേന്ദ്രൻ. സഞ്ചയനം : 21 ന് രാവിലെ 8 ന്.

അംബിക

തിരുവനന്തപുരം : വട്ടിയൂർക്കാവ് തൊഴുവൻകോട് പ്ലാവിള ലൈനിൽ എം.എം.ആർ.എ 151 ൽ കോലപ്പനാശാരിയുടെ ഭാര്യ എസ്. അംബിക (58) നിര്യാതയായി. മകൾ : ശ്രീകല. മരുമകൻ : രാജേഷ്. സഞ്ചയനം : വെള്ളിയാഴ്ച രാവിലെ 9 ന്.

നാരായണൻനായർ

കോഴിക്കോട്: തിരുവനന്തപുരം മരുതൂർ മാമൂട്ടിൽ ഹൗസിൽ പി. നാരായണൻനായർ(81 - റിട്ട. ഇന്ത്യൻ എയർലൈൻസ്) കോഴിക്കോട് ഫാത്തിമ ആശുപത്രിക്ക് സമീപത്തെ ഫ്ലാറ്റിൽ നിര്യാതയായി. ഭാര്യ : രാജമ്മ. മക്കൾ: വേണുഗോപാൽ(അർബൻ ഡവലപ്മെന്റ്-തിരുവനന്തപുരം), വീണ, മരുമകൻ: സനോജ്(ബിസിനസ്-കോഴിക്കോട്). സഞ്ചയനം ഞായറാഴ്ച.

തങ്കമണി

തിരുവല്ലം: പുഞ്ചക്കരി ശ്രീജം ഭവനത്തിൽ ശ്രീധരൻനായരുടെ ഭാര്യ തങ്കമണി (63) നിര്യാതയായി. മക്കൾ: ശ്രീജ കുമാരൻ നായർ (കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ), ശ്രീകുമാർ (നന്ദനം) ശ്രീജ. മരുമക്കൾ: അഖില, അശ്വനി, സതീഷ് കുമാർ.ജി. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 8.30 ന്.

ഗുരുധർമ്മ പ്രചാരണസഭ: ഭരണസമിതി ചുമതലയേറ്റു

ഗുരുധർമ്മ പ്രചാരണസഭ ഭരണസമിതി അംഗങ്ങൾ ചുമതലയേറ്റ ശേഷം മഹാസമാധിക്കു മുന്നിൽ

ശിവഗിരി: ഗുരുധർമ്മ പ്രചാരണസഭയുടെ പുതിയ ഭരണസമിതി മഹാസമാധിയിൽ സത്യപ്രതിജ്ഞയ്ക്ക് ശേഷം ചാർജെടുത്തു. മൂന്ന് വർഷമാണ് ഭരണസമിതിയുടെ കാലാവധി. ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ പുതിയ ഭരണസമിതി അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

മുൻ പ്രസിഡന്റ് സ്വാമി പ്രകാശാനന്ദ, മുൻ ജനറൽ സെക്രട്ടറി സ്വാമി ഋതംഭരാനന്ദ, മുൻ ട്രഷറർ സ്വാമി പരാനന്ദ, സ്വാമി ധർമ്മവ്രത, സ്വാമി വിശാലാനന്ദ എന്നിവരും സംബന്ധിച്ചു. സ്വാമി വിശുദ്ധാനന്ദയാണ് സഭയുടെ പ്രസിഡന്റ്.

കെ.കെ. കൃഷ്ണാനന്ദബാബു (വൈസ് പ്രസിഡന്റ്), സ്വാമി സാന്ദ്രാനന്ദ (ജനറൽ സെക്രട്ടറി), സ്വാമി ശാരദാനന്ദ (ട്രഷറർ), സ്വാമി ഗുരുപ്രസാദ് (സെക്രട്ടറി), ടി.വി. രാജേന്ദ്രൻ (രജിസ്ട്രാർ), ഇ.എം. സോമനാഥൻ (പി.ആർ.ഒ), സി.ടി. അജയകുമാർ, ഡി. അജിത്കുമാർ (ജോയിന്റ് രജിസ്ട്രാർമാർ), കെ.എസ്. ജയിൻ (ചീഫ് കോ-ഓർഡിനേറ്റർ), കെ. ജയധരൻ, പുത്തൂർ ശോഭനൻ (കോ-ഓർഡിനേറ്റർമാർ), കുറിച്ചി സദൻ (ഉപദേശകസമിതി ചെയർമാൻ), വി.ടി. ശശീന്ദ്രൻ (ഉപദേശകസമിതി കൺവീനർ) എന്നിവരാണ് പുതിയ ഭരണസമിതി അംഗങ്ങൾ.

In Association with
Red FM INTERNATIONAL AQUA SHOW & FOOD FEST
Inviting you to the most amazing aqua show
Powered By, RAMACHANDRAN
Supported By, MARIKAR GROUP ŠKODA ALFA
superhits RED FM 93.5 Kelkku Kelkku Kettukondeyirikku!
ഈ പത്ര പരസ്യവുമായി ജൂലൈ 23ന് മുൻപ് സന്ദർശിക്കുന്നവർക്ക് പ്രവേശനം സൗജന്യം
Mon - Fri : 2pm to 9pm | Sat - Sun : 11am to 9pm
സ്ഥലം: പുത്തരികണ്ടം മൈതാനം